# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.27/PR/PIC/PHQ/17 Date : 11.02.2017

## കസ്റ്റഡിയിലെടുത്ത വാഹനങ്ങൾ വേഗത്തിൽ വിട്ടുനൽകാൻ നടപടികളായി

ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി പോലീസ് പിടിച്ചെടുക്കുന്ന വാഹനങ്ങൾ കഴിയുന്നതുംവേഗം വിട്ടുകൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകി. പെറ്റിക്കേസുകളിലും വാഹന അപകടകേസുകളിലും ഉൾപ്പെട്ട വാഹനങ്ങൾ കസ്റ്റഡിയിൽ എടുക്കുന്നതിൽ കഴിയുന്നതും വേഗം വിട്ടുനൽകുന്നതിനുള്ള നിർദ്ദേശങ്ങളും സംസ്ഥാന പോലീസ് മേധാവി നൽകി.

മോട്ടോർ വാഹനനിയമം 1988ലെ 207(1) വകുപ്പ് പ്രകാരം പ്രസ്തുത നിയമത്തിലെ 3, 4, 66(1) വകുപ്പുകൾ പറയുന്ന നിബന്ധനകൾ ലംഘിക്കുന്നതിന് 207(1) വകുപ്പിലെ പ്രൊവൈസോ പ്രകാരം വാഹനം പിടിച്ചെടുക്കുന്നതിന് പകരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പിടിച്ചെടുത്ത് രസീത് നൽകിയ ശേഷം അത്തരം വാഹനം കസ്റ്റഡിയിൽ എടുക്കാതെ വിട്ടയയ്ക്കാവുന്നതാണ്. മോട്ടോർ വാഹന നിയമത്തിലെ 3, 4 വകുപ്പുകളിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾ ലംഘിച്ച് ഓടിക്കുന്നവരുടെ വാഹനങ്ങൾ പിടിച്ചെടുക്കേണ്ടിവന്നാൽ പ്രസ്തുത വാഹനം ഓടിക്കുന്നതിന് നിയമാനുസരണം ലൈസൻസ് സിദ്ധിച്ചിട്ടുള്ള വാഹനത്തിന്റെ ഉടമസ്ഥനോ അദ്ദേഹം ചുമതലപ്പെടുത്തിയ ലൈസൻസുള്ള ഒരാൾക്കോ പെറ്റിക്കേസ് നടപടി പൂർത്തിയാക്കി വാഹനം വിട്ടുനൽകാവുന്നതാണ്. കേരള മോട്ടോർ ടാക്സേഷൻ ആക്ടിലെ 11-ാം വകുപ്പ് പ്രകാരം നികുതി ഒടുക്കാത്തതിന് വാഹനങ്ങൾ പിടിച്ചെടുത്താൽ നികുതി ഒടുക്കിയ രസീത് ഹാജരാക്കുന്ന മുറയ്ക്ക് പെറ്റിക്കേസ് ചുമത്തി വാഹനം എത്രയുംവേഗം വിട്ടുനൽകണം. മോട്ടോർ വാഹന നിയമത്തിലെ 184, 185 വകുപ്പുകൾ പ്രകാരവും ഇന്ത്യൻ ശിക്ഷാനിയമത്തിലെ 279 വകുപ്പ് പ്രകാരവും സ്വമേ

ധയാ കേസുകൾ രജിസ്റ്റർ ചെയ്ത് വാഹനങ്ങൾ പിടിച്ചെടുക്കുമ്പോൾ സാധാരണ ഗതിയിൽ എ.എം.വി.ഐ.യുടെയോ മറ്റോ പരിശോധന ആവശ്യമില്ലാത്തതിനാൽ മഹസ്സർ നടപടികൾക്ക് ശേഷം ഉടൻതന്നെ രേഖകൾ പരിശോധിച്ച് വാഹനം മൂന്നാം സ്ഥാനത്തിൽ വിട്ടുകൊടുക്കണം. എന്നാൽ വാഹനം ഓടിച്ചിരുന്നയാൾ മദ്യലഹരിയിൽ ആണെങ്കിൽ ഉത്തരവാദപ്പെട്ട മറ്റൊരാളെ വാഹനം ഏൽപ്പിച്ച് അയയ്ക്കണം. ഇന്ത്യൻ ശിക്ഷാനിയമത്തിലെ 283ാം വകുപ്പുപ്രകാരം ശിക്ഷാർഹമായ കുറ്റം ചെയ്തതിലേയ്ക്ക് പിടിച്ചെടുക്കപ്പെട്ട വാഹനത്തിന്റെ ഉടമ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് നടപടികൾ പൂർത്തിയാക്കി അപ്പോൾത്തന്നെ മൂന്നാം സ്ഥാനത്തിൽ വിട്ടയയ്ക്കണം. എന്നാൽ മനഃപൂർവ്വം മാർഗ്ഗതടസ്സം സൃഷ്ടിച്ചതാണെന്ന് ബോധ്യമായാൽ ആവശ്യമെങ്കിൽ വാഹനം കോടതിയിൽ ഹാജരാക്കാവുന്നതാണ്.

ഇന്ത്യൻ ശിക്ഷാനിയമത്തിലെ 337, 338, 304(എ) വകുപ്പുകൾ പ്രകാരം ശിക്ഷാർഹമായ വാഹന അപകട കേസുകളിൽ വാഹന ഉടമയ്ക്ക് നോട്ടീസ് നൽകിയതിനെത്തുടർന്ന് ഹാജരാക്കുന്ന വാഹനങ്ങൾ കോടതിയിൽ ഹാജരാക്കേണ്ടതില്ലെങ്കിൽ സാഹചര്യത്തിൽ മോട്ടോർ വാഹന വകുപ്പിലെ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ പരിശോധനയ്ക്ക് ശേഷം വാഹനവുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തിയാക്കി സേവനാവകാശ നിയമപ്രകാരമുള്ള നിശ്ചിത കാലയളവിനുള്ളിൽ മൂന്നാം സ്ഥാനത്തിൽ വിട്ടുനൽകണം. അപകട സ്ഥലത്തുനിന്നും നീക്കം ചെയ്ത് സ്റ്റേഷനിൽ കൊണ്ടുവരുന്ന ഇത്തരം കേസുകളിൽ ഉൾപ്പെട്ട വാഹനങ്ങൾ കേസ് രജിസ്റ്റർ ചെയ്ത് നടപടി ക്രമങ്ങൾക്ക് ശേഷം കോടതിയിൽ ഹാജരാക്കേണ്ടതില്ലാത്ത സാഹചര്യത്തിൽ നിശ്ചിത സമയപരിധിക്കുള്ളിൽ മൂന്നാം സ്ഥാനത്തിൽ വിട്ടുനൽകണം. ഉപേക്ഷിക്കപ്പെട്ട നിലയിൽ കാണപ്പെട്ട് കസ്റ്റഡിയിൽ എടുക്കുന്ന വാഹനങ്ങളുടെ ഉടമസ്ഥത സംബന്ധിച്ച് വിവരം ലഭ്യമായാൽ വാഹനം ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടതല്ലെങ്കിൽ നടപടി പൂർത്തിയാക്കി ഉടൻ വിട്ടുനൽകണം. ഉടമസ്ഥത സംബന്ധിച്ച് വിവരം ലഭ്യമാകാത്ത പക്ഷം താമസംവിനാ സബ്ഡിവിഷണൽ മജിസ്ട്രേറ്റ് കോടതി മുമ്പാകെ ഹാജരാക്കണം.

പോലീസ് ഉദ്യോഗസ്ഥന്മാർ പെറ്റിക്കേസുകളിൽ വാഹനങ്ങൾ പിടിച്ചെടുത്ത് അനാവശ്യമായി കസ്റ്റഡിയിൽ സൂക്ഷിക്കുന്നുവെന്നും വാഹന ഉടമകൾക്ക് പ്രയാസങ്ങൾ സൃഷ്ടിക്കുന്നുവെന്നും പരാതികളുള്ള പശ്ചാത്തലത്തിലാണ് സർക്കുലർ. കൂടാതെ പോലീസ് സ്റ്റേഷൻ പരിസരത്തും റോഡ് വക്കിലും വാഹനങ്ങൾ സൂക്ഷിക്കുന്നതുമൂലം മാർഗ്ഗതടസ്സമുണ്ടാകുന്നതും സ്റ്റേഷൻ പരിസരം വൃത്തികേടാകുന്നത് ഒഴിവാക്കുവാനും സർക്കാർ ലക്ഷ്യമിടുന്നു.

*********